"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതശിശു വികസന വകുപ്പ്- കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനിൽ പുനർനിയമന വ്യവസ്ഥയിൽ മാനേജിംഗ് ഡയറക്ടറായി നിയമിച്ചിട്ടുള്ള ശ്രീമതി. ബിന്ദു.വി.സി യുടെ ശമ്പളവും ആനുകൂല്യങ്ങളും നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതശിശു വികസന(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.82/2026/WCDD തീയതി,തിരുവനന്തപുരം, 23-02-2026

---

പരാമർശം:-

1. സ.ഉ.(സാധാ) നം.421/2024/ഡബ്ല്യുസിഡിഡി തീയതി.06.11.2024.
2. സ.ഉ.(കൈ) നം.10/2025/ഡബ്ല്യുസിഡിഡി തീയതി. 31.05.2025.
3. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 15.07.2025, 26.09.2025-ലെ KSWDC/EAI/MD/2016 നം. കത്ത്.

**ഉത്തരവ്**

കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് (KMML)-ൽ നിന്നും അന്യത്രസേവന വ്യവസ്ഥയിൽ വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറായി സേവനമനുഷ്ഠിച്ചു വന്നിരുന്ന ശ്രീമതി. ബിന്ദു.വി.സി യുടെ അന്യത്ര സേവന കാലാവധി ടിയാളുടെ വിരമിക്കൽ തീയതിയായ 31.05.2025 വരെ ദീർഘിപ്പിച്ചു നല്കി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് സർവീസിൽ നിന്നും വിരമിച്ച ശ്രീമതി.ബിന്ദു.വി.സി യെ വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറായി 01.06.2025 മുതൽ ഒരു വർഷത്തേയ്ക്കോ സ്ഥിരമായി മറ്റൊരു മാനേജിംഗ് ഡയറക്ടറെ നിയമിക്കുന്നതു വരെയോ ഏതാണോ ആദ്യം അതുവരെ പുനർനിയമന വ്യവസ്ഥയിൽ നിയമിച്ചു നല്കി പരാമർശം (2) പ്രകാരം ഉത്തരവായിട്ടുണ്ട്. ഒരു പൊതുമേഖലാ സ്ഥാപനമായ കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്-ൽ നിന്നും അന്യത്ര സേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി.ബിന്ദു.വി.സിക്ക് സ്റ്റാറ്റ്യൂട്ടറി/എൻ.പി.എസ്. മുതലായ പെൻഷൻ പദ്ധതികൾ ബാധകമല്ലെന്നും KMML ലെ ജീവനക്കാരിയായിരുന്ന ശ്രീമതി.ബിന്ദു വി.സിക്ക് ഇ.പി.എഫ് പ്രകാരം അനുവദിച്ച് കിട്ടാവുന്ന പരമാവധി മിനിമം പ്രതിമാസ പെൻഷൻ തുക 4121/-രൂപ ആണെന്നും മേൽ വസ്തുതകളുടെ വെളിച്ചത്തിൽ

വനിതാ വികസന കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറായി പുനർനിയമനം ലഭിച്ചിട്ടുള്ള ശ്രീമതി.ബിന്ദു.വി.സി.യുടെ പ്രതിമാസ ശമ്പളവും ആനുകൂല്യങ്ങളും നിശ്ചയിച്ച് നൽകണമെന്നും പരാമർശം (3) പ്രകാരം ടി വ്യക്തി അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനിൽ പുനർനിയമന വ്യവസ്ഥയിൽ മാനേജിംഗ് ഡയറക്ടറായി നിയമിച്ചിട്ടുള്ള ശ്രീമതി. ബിന്ദു വി.സി യുടെ അടിസ്ഥാന പുനർനിയമന വേതനം = 1,69,400/- - 4121/- = 1,65,279/- (ഒരു ലക്ഷത്തി അറുപത്തി അയ്യായിരത്തി ഇരുനൂറ്റി എഴുപത്തി ഒൻപത് രൂപ മാത്രം) രൂപയായി നിശ്ചയിച്ചും അതോടൊപ്പം താഴെ ചേർക്കുന്ന അലവൻസുകൾ അനുവദിച്ചു കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

a) ജോലി ചെയ്യുന്ന സ്ഥാപനത്തിലേതിന് അനുസരിച്ചിട്ടുള്ള ക്ഷാമബത്ത.

b) HRA @10% of 1,65,279, subject to the maximum of Rs 10,000/-.

c) വാർഷിക ഇൻക്രിമെന്റിനു അർഹതയുണ്ട്. എന്നാൽ Stagnation ഇൻക്രിമെന്റിനു അർഹതയില്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (3215997/PU-C2/143/2025-Fin dated.21.02.2026.)

വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sithara Vijayan
സെക്ഷൻ ഓഫീസർ
Date: 23-02-2026 15:01:52